"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - എസ്.സി.38/2020/പി.കെ.ഡി- പാലക്കാട് ജില്ലയിലെ വാളയാർ (ഔട്ട്) മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റിൽ 24.10.2020ൽ നടത്തിയ മിന്നൽ പരിശോധന - കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.76/2025/VIG തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21/07/2022 തീയതിയിലെ ഇ12-(പി.ഇ.7/2021/പി.കെ.ഡി) 2094/2021 നമ്പർ കത്ത്
2. 26/09/2024 തീയതിയിലെ എ3/204/2022/വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. 28/09/2024-ൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകിയ എ3/204/2022/വിജി നമ്പർ കത്ത്.
4. ശ്രീ. വിബിൻ.കെ സമർപ്പിച്ച 25/11/2024ലെ പ്രതിവാദ പത്രിക.
5. ശ്രീ. ഗോപൻ.സി. സമർപ്പിച്ച 28/11/2024ലെ പ്രതിവാദ പത്രിക.
6. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 12.01.2025 തീയതിയിലെ ജി1/111/2024/റ്റിസി നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വാളയാർ (ഔട്ട്) മോട്ടോർ വാഹന ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർ കോവിഡ്-19 ന്റെ അടിയന്തിര സാഹചര്യത്തിൽ പോലും അവശ്യ സാധനങ്ങളുമായി അതുവഴി കടന്നു പോകുന്ന ചരക്കു വാഹനങ്ങളിലെയും മറ്റു വാഹനങ്ങളിലേയും ഡ്രൈവർമാരിൽ നിന്നും നിയമവിരുദ്ധമായി കൈക്കൂലി പണം വാങ്ങുന്നുവെന്ന ആരോപണം സംബന്ധിച്ച് പാലക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ ടി ചെക്ക് പോസ്റ്റിൽ 24/10/2020 തീയ്യതിയിൽ ഒരു മിന്നൽ പരിശോധന നടത്തുകയും മിന്നൽ പരിശോധനയിൽ വാളയാർ ഔട്ട് മോട്ടോർ വാഹന പോസ്റ്റിലെ ഉദ്യോഗസ്ഥർ കൗണ്ടറിൽ നിന്നും പെർമിറ്റ് എടുക്കാൻ വരുന്ന വാഹനത്തിന്റെ ഡ്രൈവർമാരിൽ നിന്നും മറ്റും രേഖകളിൽ സീൽ പതിക്കാൻ വരുമ്പോൾ നിയമ വിരുദ്ധമായി ശേഖരിച്ച 14,380/-രൂപ കണ്ടെടുത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ഈ വിഷയത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) പ്രാഥമിക അന്വേഷണത്തിൽ വാളയാർ (ഔട്ട്) ചെക്ക് പോസ്റ്റിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണക്കിൽപ്പെടാത്ത 14,380/-രൂപ കണ്ടെടുക്കുകയും, ഓഫീസ് അറ്റൻഡന്റായ ശ്രീ.ഗോപൻ ഡ്യൂട്ടി സമയം യൂണിഫോം ധരിക്കാതെ ഡ്യൂട്ടി ചെയ്യുന്നതായും യാത്രക്കാരില്ലാതെ

യാത്രക്കാരുടെ ലിസ്റ്റുമായി അന്യ സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിനായി പോകുന്ന വാഹനങ്ങൾക്ക് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരം 250/-രൂപ പെർമിറ്റ് ഫീസും, 250/-രൂപ കോമ്പൗണ്ട് ഫീസും ഇടാക്കുന്നതായും പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ 500/-രൂപയിൽ കൂടുതലുണ്ടെങ്കിൽ കറൻസിയുടെ സീരിയൽ നമ്പർ എഴുതണമെന്ന ബഹു.ട്രാൻസ്പോർട്ട് കമ്മീഷണറുടെ 24.12.2016 തീയ്യതിയിലെ 32/16 നമ്പർ സർക്കുലർ ഉത്തരവ് പാലിക്കുന്നതിൽ വാളയാർ (ഔട്ട്) മോട്ടോർവെഹിക്കിൾ ചെക്ക് പോസ്റ്റിന്റെ ചുമതലയുണ്ടായിരുന്ന MVI ശ്രീ.ലാലു വീഴ്ച വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തുകയുണ്ടായി.

3) പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം ആരോപണ വിധേയരായ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരായിരുന്നു.

a. ശ്രീ.വിബിൻ.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, വാളയാർ (ഔട്ട് )മോട്ടോർവാഹന ചെക്ക് പോസ്റ്റ് പാലക്കാട്

b. ശ്രീ.ഗോപൻ.സി, ഓഫീസ് അറ്റൻഡന്റ്, വാളയാർ (ഔട്ട് )മോട്ടോർവാഹന ചെക്ക് പോസ്റ്റ് പാലക്കാട്

c. ശ്രീ. ലാലു.എം.എ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, വാളയാർ (ഔട്ട്)മോട്ടോർവാഹന ചെക്ക് പോസ്റ്റ് പാലക്കാട്

4) ശ്രീ.വിബിൻ.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ.ഗോപൻ.സി, ഓഫീസ് അറ്റൻഡന്റ് എന്നി ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറിക്കും, MVI ശ്രീ.ലാലു.എം.എ യ്ക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതിനും പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5) സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം ശ്രീ.വിബിൻ.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ.ഗോപൻ.സി, ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയും അതനുസരിച്ച് കുറ്റാരോപിതർക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

6) എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (4), (5) പ്രകാരം കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (6) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ അഭിപ്രായമൊന്നും രേഖപ്പെടുത്തിയിരുന്നില്ല. തങ്ങളുടെ ഭാഗം വ്യക്തമാക്കുന്നതിനു തങ്ങളെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന അപേക്ഷ പരിഗണിച്ച് 11.02.2025- ന വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതരെ നേരിൽ കേൾക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾ തന്നെ ടിയാൻമാർ ഹിയറിംഗ് വേളയിലും ആവർത്തിക്കുകയുണ്ടായി. തന്റെ ഡ്യൂട്ടി ചെക്ക്പോസ്റ്റിനു പുറത്താണെന്നും ചെക്ക്പോസ്റ്റ് വഴി അന്യസംസ്ഥാനങ്ങളിലേക്കു പോകുന്ന വാഹനങ്ങൾ നിർത്തിച്ച് പരിശോധനയ്ക്കു വിധേയമാക്കുക, വാഹനഗതാഗതം നിയന്ത്രിക്കുക. സംശയമുള്ള

വാഹനങ്ങളിൽ കയറി പരിശോധിക്കാൻ എ.എം.വി.ഐ.. എം.വി.ഐ. എന്നിവരെ സഹായിക്കുക, നിർത്താതെ പോകുന്ന വാഹനങ്ങളുടെ വിവരങ്ങൾ അറിയിക്കുക, സർക്കാർ പണം ട്രഷറിയിൽ അടയ്ക്കുക എന്നിവയാണ് ചുമതലയെന്നും ഇൻസ്പെക്ടർമാർ ആവശ്യപ്പെടുന്ന പക്ഷം അവരെ ഓഫീസ് ജോലികളിൽ സഹായിക്കാറുണ്ടെന്നും വാഹന ഡ്രൈവർമാരിൽ നിന്നു പണം സ്വീകരിക്കുന്ന ജോലി എം.വി.ഐ./എം.വി.ഐ. എന്നിവരിൽ നിക്ഷിപ്തമായതിനാൽ പണമിടപാടുകളുമായി ബന്ധപ്പെട്ട ഒരു കുറ്റാരോപണവും താനുമായി ബന്ധമുള്ളതല്ല എന്നും കോവിഡ്-19 മഹാമാരിയുടെ കാലമായിരുന്നതിനാൽ വളരെയധികം നിയന്ത്രണ ങ്ങളോടെയാണ് സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചിരുന്നതെന്നും വിജിലൻസ് ഉദ്യോഗസ്ഥർ വരുമ്പോൾ താൻ ചെക്ക്പോസ്റ്റിനു വെളിയിൽ റോഡിൽ ഡ്യൂട്ടിയിലായിരുന്നുവെന്നും ചെക്ക്പോസ്റ്റ് കെട്ടിടത്തിൽ സൂക്ഷ്മ പരിശോധന നടത്തി വിജിലൻസ് ഉദ്യോഗസ്ഥർ കണ്ടെടുത്ത കണക്കിൽപെടാത്തതെന്നു പറയുന്ന പണം (14380/- രൂപ) തന്റേതല്ലയെന്നും പരിശോധന സമയത്ത് ചെക്ക് പോസ്റ്റിൽ വന്ന ഡ്രൈവർമാരെ കൊണ്ട് മേശപ്പുറത്ത് നിർബന്ധമായി പണം ഇടീച്ച് വിജിലൻസ് വ്യാജമായി തെളിവുണ്ടാക്കാൻ ചെയ്തതാണെന്നും അവിടെ നിന്നു കണ്ടെടുത്ത പണത്തെപ്പറ്റി ഒരു അറിവുമില്ലയെന്നും 2-8-2021-ൽ തന്നെ പാലക്കാട് വിജിലൻസ് ഓഫീസിൽ വിളിച്ചുവരുത്തി അവർ പറഞ്ഞ പ്രകാരം മൊഴി നൽകുകയും 24-10-2020-ൽ പുലർച്ചെ തന്റെ പേഴ്സണൽ ക്യാഷ് പരിശോധിക്കുമ്പോൾ 1000/- രൂപയുടെ കുറവുണ്ടായിരുന്നത് ചെക്ക്പോസ്റ്റിൽ ഭക്ഷണം കൊണ്ടുത്തന്നിരുന്ന ആളിന് അതുവരെയുള്ള വിലയായി 1000/- രൂപ 23-10-2020 രാത്രി 10 മണിക്കു കൊടുത്തിരുന്നതുമൂലമാണെന്നും ശ്രീ.ഗോപൻ.സി, ഓഫീസ് അറ്റൻഡന്റ് ബോധിപ്പിച്ചിട്ടുണ്ട്.

(7) കോവിഡ്-19 മഹാമാരിയുടെ കാലത്ത് വളരെയധികം നിയന്ത്രണങ്ങളോടെയാണ് സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചിരുന്നത് എന്നും പരിശോധനയിൽ വിജിലൻസ് ഉദ്യോഗസ്ഥർ കണ്ടെടുത്ത കണക്കിൽപെടാത്തതെന്നു പറയുന്ന പണം (14380/-രൂപ) തന്റെ ദേഹത്തു നിന്നു കണ്ടെടുത്തതല്ല എന്നും തന്നെക്കൂടാതെ മറ്റ് ഉദ്യോഗസ്ഥർ വിവിധ ടേണുകളിൽ ജോലി ചെയ്തിരുന്നു എന്നും തന്റെ മേശവലിപ്പിൽ നിന്നല്ല 1200/-രൂപ അധികമായി കണ്ടെത്തിയത് എന്നും വ്യാജമായി തെളിവുണ്ടാക്കാൻ വിജിലൻസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ചെക്ക് പോസ്റ്റിൽ വന്ന ഡ്രൈവർമാർ നിർബന്ധമായി മേശപ്പുറത്ത് ഇട്ട പണമാണ് എന്നും മറ്റു തുകകൾ തന്റെ സാന്നിദ്ധ്യത്തിൽ എണ്ണി ബോദ്ധ്യപ്പെടുത്തുകയോ മൊഴി എടുക്കുകയോ ഉണ്ടായില്ല എന്നും പിന്നീട് 2-8-2021-ലാണ് പാലക്കാട് വിജിലൻസ് ഓഫീസിൽ വിളിച്ചുവരുത്തി വിജിലൻസ് ഉദ്യോഗസ്ഥർ പറഞ്ഞ തരത്തിൽ തന്റെ മൊഴി എടുത്തത് എന്നും പേഴ്സണൽ ക്യാഷ് പരിശോധിക്കുമ്പോൾ 1500/- രൂപയുടെ കുറവുണ്ടായിരുന്നത് 200 രൂപയുടെ മൂന്ന് ലോട്ടറി ടിക്കറ്റുകൾ എടുത്തതും ഭക്ഷണത്തിന്റെ വിലയായ 900/- രൂപ 23-10-20 രാത്രി 10 മണിക്കു കൈമാറിയിരുന്നതുമാണ് എന്നും അങ്ങനെയാണ് 1500/- രൂപ കുറവുണ്ടായത് എന്നും കോവിഡ് കാലമായതിനാൽ അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ച് കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ പോകുന്ന കാലി ബസ്സുകളിൽ നിന്നും അന്നത്തെ പാലക്കാട് R.T.O-യുടെ നിർദ്ദേശപ്രകാരമാണ് പെർമിറ്റ് ഫീസ് 250/- രൂപ, കോമ്പൗണ്ടിംഗ് ഫീസ് 250/- രൂപ എന്ന രീതിയിൽ 500/- രൂപ വാങ്ങിച്ചിരുന്നതെന്നും ശ്രീ.വിബിൻ.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ബോധിപ്പിച്ചിട്ടുണ്ട്.

(8) സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി

ബന്ധപ്പെട്ട മറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാളുകൾക്ക് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതരുടെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് വാളയാർ ഔട്ട് മോട്ടോർ വാഹന ചെക്ക് പോസ്റ്റിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.വിബിൻ.കെ, ഓഫീസ് അറ്റൻഡന്റായ ശ്രീ.ഗോപൻ.സി എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

(9) പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

(10) ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)
ശ്രീ. വിബിൻ.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (ഗതാഗത കമ്മീഷണർ മുഖാന്തിരം)
ശ്രീ. ഗോപൻ സി. ഓഫീസ് അറ്റൻഡന്റ് (ഗതാഗത കമ്മീഷണർ മുഖാന്തിരം)
ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഗതാഗത വകുപ്പ്
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Mini T R

സെക്ഷൻ ഓഫീസർ

Date: 13-05-2025 11:21:36

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.